# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4389      25.10.2016 - ലെ മറുപടിക്ക്

ചോദ്യം      ഉത്തരം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. ജെയിംസ് മാത്യു
ശ്രീമതി. വീണാ ജോർജ്ജ്
ശ്രീ. വി. ജോയി

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

## സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ഊർജ്ജിത നടപടികൾ

| | | |
|---|---|---|
| (എ) | കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾ മൂലം താറുമാറായ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം ഊർജ്ജിത നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | മുൻ സർക്കാരിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയും കെടുകാര്യസ്ഥതയും നിമിത്തം സാമ്പത്തിക സ്ഥിതി താറുമാറായിരുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരം ഏറ്റെടുത്തത്. അതിഗുരുതരമായ മേൽ സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി കുറയ്ക്കാൻ തന്നെ വർഷങ്ങൾ വേണ്ടി വരുന്ന സാഹചര്യമാണുള്ളത്. വായ്പയെടുക്കുന്ന തുക നിത്യനിദാന ചെലവുകൾക്ക് വിനിയോഗിക്കേണ്ട അവസ്ഥയുള്ളതിനാൽ നിർമ്മാണ പ്രവർത്തികൾ അടക്കമുള്ള മൂലധന ചെലവുകൾക്ക് പണം കണ്ടെത്തുവാൻ സർക്കാർ ബുദ്ധിമുട്ടുകയാണ്. പ്രസ്തുത സാമ്പത്തിക പ്രതിസന്ധി മൂലം പല വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്ന വേഗത്തിൽ പൂർത്തീകരിക്കുന്നതിനും വിഷമം നേരിടുന്നുണ്ട്.<br>അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തിര പ്രാധാന്യമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000/- കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999 ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചു കൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും മൂലധന ചെലവിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും എന്തെല്ലാം നടപടികൾസ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | മേൽ പ്രതിപാദിച്ച നടപടികൾ തുടരുന്നതിനോടൊപ്പം റവന്യൂ വർദ്ധിപ്പിക്കുന്നതിനും പദ്ധതിയേതര ചെലവുകളുടെ കർശന നിയന്ത്രണത്തിനും ആത്മാർത്ഥവും ഊർജ്ജിതവുമായ ശ്രമങ്ങൾ വഴി റവന്യൂ കമ്മി കുറയ്ക്കാൻ കഴിയും.അതോടെ വായ്പയെടുക്കുന്നതിന്റെ കൂടുതൽ വിഹിതം മൂലധന ചെലവിനായി നീക്കിവെയ്ക്കാനും സാധിക്കും.അതിലൊരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിനു പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി |

| | | |
|---|---|---|
| | | അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.<br>കാതലായ അടിസ്ഥാനസൗകര്യ പദ്ധതികൾക്കായി പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സെബിയുടെ പുതിയ ഇഷ്യൂ ആൻറ് ലിസ്റ്റിംഗ് ഓഫ് ഡെറ്റ് സെക്യൂരിറ്റീസ് മാർഗരേഖ പ്രകാരം സർക്കാർ ഗ്യാരന്റിയോടെ കടപ്പത്രം ഇറക്കുവാൻ അനുമതി നൽകുവാനും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | വിവിധ ക്ഷേമപദ്ധതികളെയും സാമൂഹ്യസുരക്ഷാ ചെലവുകളെയും പരമ്പരാഗത തൊഴിൽ മേഖലകളെയും ബാധിക്കാത്ത തരത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | കയർ,മത്സ്യബന്ധനം,കൈത്തറിവസ്ത്രനിർമ്മാണം,കശുവണ്ടി തുടങ്ങിയവയടക്കമുള്ള പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് വർദ്ധിച്ച തോതിലുള്ള ആനുകൂല്യങ്ങളും ക്ഷേമ പെൻഷനുകളും നൽകുകയെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. കഴിഞ്ഞ ഓണക്കാലത്ത് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ കുടിശ്ശിക വിതരണം ചെയ്തതിലടക്കം പ്രസ്തുത നയത്തിലധിഷ്ഠിതമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വിവിധ ക്ഷേമപദ്ധതികളെയും സാമൂഹ്യ സുരക്ഷാ ചെലവുകളെയും പരമ്പരാഗത തൊഴിൽ മേഖലകളെയും ബാധിക്കാത്ത തരത്തിൽ അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനും നികുതി പിരിവ് ഊർജിതമാക്കുന്നതിനുമുള്ള നടപടികളാണ് സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ